# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി

***ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.പാലോളി മുഹമ്മദ് കുട്ടിയുടെ അദ്ധ്യക്ഷതയിൽ 29.10.2008-ന് ഉച്ചയ്ക്കുശേഷം 2.00 മണിക്ക് സെക്രട്ടേറിയറ്റിൽ വച്ചു കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്:***

## 1. പൊതു വിഷയങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ

1.1 തദ്ദേശഭരണ സ്ഥാപനങ്ങൾ 2008-09 വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം നേടുന്ന പ്രവർത്തനത്തിന്റെ പുരോഗതി യോഗം അവലോകനം ചെയ്തു. 28.10.2008 വരെ 924 ഗ്രാമപഞ്ചായത്തുകളും 126 ബ്ലോക്ക് പഞ്ചായത്തുകളും 4 ജില്ലാ പഞ്ചായത്തുകളും 39 മുനിസിപ്പിലിറ്റികളും ഒരു കോർപ്പറേഷനും പദ്ധതിക്ക് അംഗീകാരം നേടിയതായി യോഗം വിലയിരുത്തി. 34 ഗ്രാമപഞ്ചായത്തുകളുടെയും 7 ബ്ലോക്ക് പഞ്ചായത്തുകളുടെയും 5 മുനിസിപ്പാലിറ്റികളുടെയും പദ്ധതി പരിശോധന പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയിലാണ്. 34 ഗ്രാമപഞ്ചായത്തുകളുടെയും 12 ബ്ലോക്ക് പഞ്ചായത്തുകളുടെയും 6 ജില്ലാപഞ്ചായത്തുകളുടെയും 6 മുനിസിപ്പാലിറ്റികളുടെയും 2 കോർപ്പറേഷനുകളുടെയും പദ്ധതി പരിശോധന പുരോഗതിയിലാണ്.

അഴൂർ, വിഴിഞ്ഞം, മലയാറ്റൂർ-നീലേശ്വരം, ചളവറ, ലക്കിടി-പേരൂർ, വെള്ളിനേഴി, ഷോളയൂർ എന്നീ 7 ഗ്രാമപഞ്ചായത്തുകളും കോതമംഗലം, അട്ടപ്പാടി, നെന്മാറ, ആലത്തൂർ, നിലമ്പൂർ, കുറ്റിപ്പുറം, വേങ്ങര എന്നീ 7 ബ്ലോക്ക് പഞ്ചായത്തുകളും കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശൂർ എന്നീ 4 ജില്ലാ പഞ്ചായത്തുകളും പത്തനംതിട്ട, മാവേലിക്കര, പൊന്നാനി എന്നീ 3 മുനിസിപ്പാലിറ്റികളും കൊച്ചി, കോഴിക്കോട് എന്നീ 2 കോർപ്പറേഷനുകളും ഇതുവരെയും പദ്ധതി സമർപ്പിച്ചിട്ടില്ല. എന്ത് കാരണത്താലാണ് പദ്ധതി സമർപ്പണം വൈകുന്നതെന്ന് ടെലിഫോൺ മുഖേന അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കണം. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറും ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഗ്രാമവികസന കമ്മീഷണറും മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ നഗരകാര്യഡയറക്ടറും നവംബർ 4-നകം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. ജില്ലാ പഞ്ചായത്തുകളെയും കോർപ്പറേഷനുകളെയും സംബന്ധിച്ചിടത്തോളം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാരും കോർപ്പറേഷൻ മേയർമാരുമായും ബന്ധപ്പെടുന്നതാണ്.

*(നടപടി: 1. പഞ്ചായത്ത് ഡയറക്ടർ*
*2. ഗ്രാമവികസന ഡയറക്ടർ*
*3. നഗരകാര്യ ഡയറക്ടർ*
*4.പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

1.2 ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിന് നടപടി ഉത്തരവ് നിർബന്ധമാക്കൽ:-

(i) ജില്ലാ ആസൂത്രണസമിതി നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രം ട്രഷറിയിൽ നിന്നും ബില്ലുകൾ മാറുന്ന സമ്പ്രദായം 01.07.2008 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് 03.06.2008-ലെ സ.ഉ.(സാധാ)നം.1626/2008/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ചില ട്രഷറികൾ നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ പണം മാറി നൽകുന്നുള്ളൂ. എന്നാൽ ചില ട്രഷറികൾ ധനകാര്യ വകുപ്പിൽനിന്നും നിർദ്ദേശങ്ങൾ ലഭിക്കാത്തതുകാരണം നടപടി ഉത്തരവ് നിഷ്കർഷിക്കുന്നില്ല. 2008 നവംബർ 1 മുതൽ എല്ലാ ട്രഷറികളിലും തീരുമാനം നടപ്പാക്കണം. നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ പണം മാറി നൽകാൻ പാടുള്ളൂവെന്ന് ട്രഷറികൾക്ക് നിർദ്ദേശം നൽകണമെന്ന് സൂചിപ്പിച്ച് ധനകാര്യ വകുപ്പിന് കുറിപ്പ് നൽകണം.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

(ii) പണം പിൻവലിക്കുവാൻ നടപടി ഉത്തരവ് നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ട്രഷറി ഉദ്യോഗസ്ഥർക്ക് വേണ്ടി ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കണം. ട്രഷറി ഡയറക്ടർ, കില ഡയറക്ടർ എന്നിവരുമായി ചർച്ച ചെയ്ത് ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി നടപ്പാക്കുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തുന്നു. ചെലവുകൾ കില വഹിക്കേണ്ടതാണ്.

*(നടപടി: 1. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ*
*2. ഡയറക്ടർ, കില)*

1.3 പദ്ധതി മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് 03.10.2006-ന് കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചില തീരുമാനങ്ങൾ എടുത്തിരുന്നുവെങ്കിലും ഇതുവരെയും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലായെന്നകാര്യം യോഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഈ വിഷയം സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കണം.

(1) പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർവഹണ ഉദ്യോഗ സ്ഥരുടെ യോഗം എല്ലാ മാസവും ആറാമത് പ്രവൃത്തി ദിവസം ഉച്ചയ്ക്ക് ശേഷം പ്രസിഡന്റിന്റെ/ചെയർമാന്റെ/മേയറുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കണം. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്ന് തദ്ദേശ ഭരണ സ്ഥാപനത്തിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ/തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥൻ നിർബന്ധമായും ആ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. മുൻ മാസം വരെയുള്ള നിർവഹണ പുരോഗതിയും ചെലവു കണക്കുകളും നിർവഹണ ഉദ്യോഗസ്ഥർ നിശ്ചിത ഫോർമാറ്റിൽ പ്രസ്തുത യോഗത്തിൽ രേഖാമൂലം റിപ്പോർട്ടു ചെയ്യേണ്ടതാണ്. സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥൻ അത് തദ്ദേശഭരണ സ്ഥാപനതലത്തിൽ ക്രോഡീകരിക്കണം. ക്രോഡീ കരിച്ച കണക്കുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറി ട്രഷറി കണക്കുകളുമായി ഒത്തുനോക്കി (reconcile) ക്രമീകരിക്കേ ണ്ടതാണ്. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ചെലവുകണക്കുകൾ ഇക്കണോ മിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള/ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഓൺലൈനായി റിപ്പോർട്ട് ചെയ്യണം.

(2) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബ്ലോക്ക് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും പ്രതിമാസ യോഗം, ഗ്രാമപഞ്ചായത്ത് തലത്തിലെ നിർവഹണ ഉദ്യോഗസ്ഥരുടെ യോഗത്തിന് ശേഷം ഒരു നിശ്ചിത ദിവസം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേരേണ്ടതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുമായി കൂടിയാലോചിച്ചായിരി ക്കണം ഇതിനുള്ള തീയതി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിശ്ചയിക്കേണ്ടത്. പ്രസ്തുത യോഗത്തിൽ ജില്ലാ ആസൂത്രമസമിതി അംഗങ്ങളും പങ്കെടുക്കണം. ഇപ്രകാരം ബ്ലോക്ക്തല അവലോകനയോഗങ്ങളിൽ പങ്കെടുക്കുന്നതിന് ഓരോ അംഗത്തിനും ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ചുകൊണ്ട് ജില്ലാ ആസൂത്രണ സമിതി തീരുമാനം എടുക്കണം.

(3) ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിലും മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിലും എല്ലാ മാസവും മൂന്നാമത്തെ തിങ്കളാഴ്ച ജില്ലാതല അവലോകനയോഗം ചേരേണ്ടതാണ്. മൂന്നാ മത് തിങ്കളാഴ്ച പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം യോഗം ചേരണം. യോഗത്തിൽ ജില്ലാ തല ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ജില്ലാ കളക്ടർ പ്രത്യേകം ഉറപ്പുവരുത്തണം. ഗ്രാമപഞ്ചായത്തുകൾക്ക് രാവിലെയും മറ്റ് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉച്ചയ്ക്ക് ശേഷവും എന്ന രീതിയിൽ പ്രത്യേക സെഷനുകൾ സംഘടിപ്പിക്കുന്നതായിരിക്കും ഉചിതം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരും സെക്രട്ടറിമാരും നിർബന്ധ മായും പങ്കെടുക്കേണ്ടതാണ്. കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ ഹണ പുരോഗതി വിലയിരുത്തണം. പ്രതിമാസ അവലോകന യോഗത്തെ

തുടർന്ന്, പദ്ധതി ആസൂത്രണ-നിർവഹണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, അവ പരിഹരിക്കുന്നതിന് ജില്ലാ തലത്തിൽ സ്വീകരിച്ച നടപടികൾ, സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിങ്ങനെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, ജില്ലാ കളക്ടർമാർ 11.07.2002-ലെ സ.ഉ. (എം.എസ്) 27/2002/പ്ലാനിംഗ് നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഒരു അർദ്ധ ഔദ്യോഗിക കത്ത് സഹിതം ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യണം.

(4) തദ്ദേശ ഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും അവലോകന യോഗങ്ങൾ ചേരുന്നതിന് നിശ്ചയിക്കുന്ന ആറാമത്തെ പ്രവൃത്തി ദിവസവും മൂന്നാമത് തിങ്കളാഴ്ചയും പ്രാദേശിക തലത്തിൽ/ജില്ലാ തലത്തിൽ/സംസ്ഥാന തലത്തിൽ ബന്ധപ്പെട്ടവർ പങ്കെടുക്കേണ്ട മറ്റ് യോഗങ്ങൾ വിളിച്ച് ചേർക്കുന്നില്ലായെന്ന് ജില്ലാതല ഉദ്യോഗസ്ഥർ/വകുപ്പു മേധാവികൾ ഉറപ്പു വരുത്തണം. അവലോകന യോഗങ്ങളിൽ ഹാജരാകാത്ത ഉദ്യോഗസ്ഥർക്കെതിരെ ജില്ലാ കളക്ടർമാർ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(5) ജില്ലാതല അവലോകന യോഗത്തെ തുടർന്ന് പദ്ധതി പ്രവർത്തനങ്ങൾ റാങ്ക് ചെയ്ത് ഏറ്റവും മികച്ചതും മോശപ്പെട്ടതുമായ 10 വീതം ഗ്രാമ പഞ്ചായത്തു കളുടെ പേര് വിവരം തയ്യാറാക്കി പബ്ലിക് റിലേഷൻസ് വകുപ്പു മുഖേന പ്രസിദ്ധീകരണത്തിനായി മാധ്യമങ്ങൾക്ക് നൽകണം. അതുപോലെ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെയും പദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച കണക്കുകളും പ്രസിദ്ധീകരണത്തിന് നൽകേണ്ടതാണ്. ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന് പത്രസമ്മേളനം വിളിച്ച് വിവരങ്ങൾ മാധ്യമങ്ങളെ അറിയിക്കാവുന്നതാണ്.

(6) പ്രതിമാസ റിപ്പോർട്ടിംഗ്, ക്രോഡീകരണം എന്നിവ വെബ് അധിഷ്ഠിതമായി നടത്തുന്നതിനാൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സുലേഖാ ആപ്ലിക്കേഷനാണ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇതിനായി ഉപയോഗിക്കേണ്ടത്. ജില്ലാ/സംസ്ഥാനതലത്തിലെ അവലോകന യോഗങ്ങൾക്ക്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാകുന്ന ക്രോഡീകരിച്ച റിപ്പോർട്ടുകൾ ഉപയോഗിക്കണം.

(7) വിവിധ വികസന മേഖലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രോജക്ടുകളുടെയും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികളുടെയും നിർവഹണ പുരോഗതി ബന്ധപ്പെട്ട വകുപ്പുകളും അവ ലോകനം ചെയ്യേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി ജില്ലാതലത്തിൽ 3-ാമത് തിങ്കളാഴ്ച പൊതു അവലോകനയോഗം ചേരുന്നതിന് മുൻപായി ജില്ലാതല ഉദ്യോഗസ്ഥർ തങ്ങളുടെ മേഖലയിലെ നിർവഹണ ഉദ്യോഗസ്ഥരെ ജില്ലാ തലത്തിൽ വിളിച്ച് ചേർത്ത് പുരോഗതി വിലയിരുത്തണം. നിർവഹണ ഉദ്യോ ഗസ്ഥർ തയ്യാറാക്കി സമർപ്പിക്കുന്ന പുരോഗതി റിപ്പോർട്ടുകൾ ജില്ലാ തലത്തിൽ ജില്ലാ ഓഫീസർ ക്രോഡീകരിക്കേണ്ടതാണ്. വകുപ്പു മേധാവികൾ എല്ലാ മാസവും പകുതിയോടെ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം സംസ്ഥാന തലത്തിൽ വിളിച്ച് ചേർത്ത് അവലോകനം നടത്തണം. ജില്ലാതലത്തിൽ ക്രോഡീകരിക്കുന്ന പുരോഗതി റിപ്പോർട്ടുകൾ ജില്ലാതല ഉദ്യോഗസ്ഥർ സംസ്ഥാനതല അവലോകന യോഗത്തിൽ അവതരിപ്പിക്കേണ്ടതും വകുപ്പ് മേധാവി അത് സംസ്ഥാന തലത്തിൽ ക്രോഡീകരിക്കേണ്ടതുമാണ്. എല്ലാ മാസവും നാലാമത് തിങ്കളാഴ്ച വിവിധ വകുപ്പ് മേധാവികളുടെ യോഗം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി വിളിച്ചു ചേർക്കുന്നതാണ്. വകുപ്പ് മേധാവികൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്ന പുരോഗതി റിപ്പോർട്ടുകൾ ഈ യോഗത്തിൽ വച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കൈമാറണം.

(8) വിവിധ തലങ്ങളിൽ നടക്കുന്ന അവലോകനയോഗങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന പ്രശ്നങ്ങൾ എല്ലാ മാസവും അവസാനത്തെ ആഴ്ചയിൽ നടക്കുന്ന കോ-ഓർ ഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

(9) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണപുരോഗതിയും ബന്ധപ്പെട്ട പ്രശ്നങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുന്ന ത്രൈമാസ പദ്ധതി അവലോകന യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(10) വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി വകുപ്പ് മേധാവികൾ/ജില്ലാതല ഉദ്യോഗസ്ഥർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെയും സെക്രട്ടറിമാരുടെയും യോഗങ്ങൾ പ്രത്യേകം വിളിച്ചു ചേർക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ വകുപ്പു മേധാവികൾക്കോ ജില്ലാതല ഉദ്യോഗസ്ഥർക്കോ ഏതെങ്കിലും വിഷയം തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യേണ്ടതുണ്ടെങ്കിൽ ജില്ലാ ആസൂത്രണ സമിതികൾ മൂന്നാമത്തെ തിങ്കളാഴ്ച വിളിച്ചു ചേർക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ആ വിഷയം പ്രത്യേക അജണ്ടയായി നിർദ്ദേശിക്കാവുന്നതാണ്. ചർച്ച ചെയ്യേണ്ട വിഷയം ബന്ധപ്പെട്ട വകുപ്പ് മേധാവി/ജില്ലാതല ഉദ്യോഗസ്ഥൻ രേഖാമൂലം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ജില്ലാ കളക്ടർ അതിനായി പ്രത്യേക സമയം അനുവദിച്ച് നൽകേണ്ടതുമാണ്.

*(11)* ഈ രീതിയിലുള്ള മോണിട്ടറിംഗ് സംവിധാനം 2008 ഡിസംബർ മുതൽ പ്രാബല്യത്തിൽ വരുത്തണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

1.4 കേരള സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിച്ചിട്ടുള്ള ഗ്രാമീണവൈദ്യുതീകരണ പദ്ധതി നിർദ്ദേശങ്ങൾ അടുത്ത യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

1.5 മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ക്ഷേമം സംബന്ധിച്ച് പത്താം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 9,10 നമ്പർ ഉറപ്പുകളും പത്താം സമ്മേളനത്തിലെ 35-ാം നമ്പർ ഉറപ്പും നടപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുവാൻ കുടുംബശ്രീ മിഷനെ ചുമതലപ്പെടുത്തുന്നു.

*(നടപടി: 1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*
*2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ)*

1.6 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കൊമ്മേരി ഗോട്ട് ഫാമിൽ ആടുകൾ കൂട്ടത്തോടെ മരണപ്പെട്ടതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അന്വേഷിക്കാൻ ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ എത്തിയ സംഘത്തോട് ഫാമിലെ ജീവനക്കാർ അപമര്യാദയായി പെരുമാറിയതായി യോഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. പ്രസ്തുത ജീവനക്കാർക്കെതിരെ 1997-ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരം ജില്ലാ പഞ്ചായത്തിന് അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണ്. കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ച് ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെടണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

## 2. പ്രത്യേക വിഷയങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ

### 2.1 മൃഗസംക്ഷണ വകുപ്പ്

സർക്കാർ ഫാമുകളിലെ ഉത്പന്നങ്ങളുടെ കുറഞ്ഞ വിലയാണ് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത്. അതിനെക്കാൾ ഉയർന്ന വില നിശ്ചയിക്കുന്നതിനുള്ള സ്വാതന്ത്യം ഫാമുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. സർക്കാർ നിശ്ചയിക്കുന്ന വിലയിൽ കുറഞ്ഞ തുക ഈടാക്കുവാൻ പാടില്ല. കുരിയോട്ടുമല എരുമവളർത്തൽ ഫാമിൽ ഉത്പാദിപ്പിക്കപ്പെടുന്ന പാലിന് മൃഗസംരക്ഷണ വകുപ്പ് നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ നിരക്ക് നിശ്ചയിച്ച കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നടപടി ശരിയല്ലെന്നും വില പുതുക്കി നിശ്ചയിക്കണമെന്നും ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.2 നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്**

മൈത്രി ഭവന പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതിന് 2006-07 ൽ തെരഞ്ഞെടുത്ത 12 പേരിൽ ധനസഹായം ലഭിക്കാത്ത രണ്ടു പേർക്ക്, അവർ കരാറിൽ ഏർപ്പെട്ടതുകാരണം മറ്റ് ഭവനപദ്ധതികളുടെ ഭാഗമായി വീട് അനുവദിക്കാൻ കഴിയുന്നില്ലെന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൈത്രി ഭവന പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് മറ്റ് ഭവന പദ്ധതികളുടെ ഭാഗമായി മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം വീട് അനുവദിക്കാവുന്നതാണെന്ന് വിശദീകരണം നൽകണം. ഭാഗികമായി ധനസഹായം ലഭിച്ച കുടുംബത്തിന് തുടർന്നുള്ള ഗഡുക്കൾ ലഭിക്കാത്തതും വീട് നിർമ്മാണം പൂർത്തിയാക്കാത്തതും ഗുണഭോക്താവിന്റെ വീഴ്ച കൊണ്ടല്ലെങ്കിൽ പ്രസ്തുത ഗുണഭോക്താവിനും ഗ്രാമപഞ്ചയത്ത് നടപ്പാക്കുന്ന ഭവന പദ്ധതിയുടെ ഭാഗമായി ധനസഹായം അനുവദിക്കാവുന്നതാണ്.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.3 നരിക്കുനി ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് (8.00 ലക്ഷം രൂപ) നടപ്പാക്കുവാൻ റീ-ടെണ്ടർ ചെയ്തുവെങ്കിലും ഒറ്റ ടെണ്ടറും ലഭിച്ചിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്നതിന് പ്രത്യേകാനുമതി നൽകുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.4 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ടുകൾക്ക് വിനിയോഗിക്കുകയും ചെലവായി രേഖപ്പെടുത്തുകയും ചെയ്ത തുക പൂർണ്ണമായോ ഭാഗികമായോ തുടർന്നുള്ള വർഷങ്ങളിൽ തിരികെ ലഭിക്കുകയാണെങ്കിൽ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് ധനവിനി യോഗം സംബന്ധിച്ച് 14.03.2006-ൽ പുറപ്പെടുവിച്ച സ.ഉ.(പി) 177/08/ധന.നമ്പർ ഉത്ത രവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതിനാൽ 2006-07 വാർഷിക പദ്ധതിയിൽ ഉൾപ്പെടു ത്തിയ 'ഐ.എ.വൈ ഭവന നിർമ്മാണം' എന്ന പ്രോജക്ടിന്റെ ഭാഗമായി 2007 മാർച്ച് മാസം അഡ്വാൻസായി പിൻവലിച്ച തുകയിൽ ചെലവാകാതെ അവശേഷിച്ച 15,96,097 രൂപ (ജനറൽ-1,04,497 രൂപ, എസ്.സി.പി - 1,09,800 രൂപ, ടി.എസ്.പി - 13,81,800 രൂപ) കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണം. പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി ഇനങ്ങളിൽ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് വിനിയോഗിക്കാതെ ഇപ്രകാരം തിരിച്ചടയ്ക്കുന്നതിന് തുല്യമായ തുക 2008-2009, 2009-2010 വർഷങ്ങ ളിലായി പരിഹാര വകയിരുത്തൽ നടത്തണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.5 കുടുംബശ്രീ ജില്ലാ മിഷൻ, കണ്ണൂർ**

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ജില്ലയിലെ 50 ഗ്രാമപഞ്ചായ ത്തുകളിൽ നടപ്പാക്കുവാൻ ആവിഷ്കരിച്ച "കൃഷി പാഠം - കുട്ടികളുടെ കാർഷിക കൂട്ടായ്മ" എന്ന പ്രോജക്ട് സേവനമേഖലയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് അനുമതി നൽകുന്നു. *(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.6 ജില്ലാ ആസൂത്രണസമിതി, കൊല്ലം**

കൊല്ലം ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾ പ്രാദേശിക വികസന രൂപരേഖകൾ തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണസമിതി തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലറായി പുറപ്പെടുവിക്കാവുന്നതാണ്.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.7 കോട്ടയം ജില്ലാ പഞ്ചായത്ത്**

കേരള വാട്ടർ അതോറിട്ടി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലും പൊതുമരാമത്ത് വകുപ്പിലും (റോഡുകളും പാലങ്ങളും) 2006–07, 2007–08 വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തതും ഇതുവരെയും നിർവഹണം ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾക്ക് നിലവിലുള്ള നിരക്കുകൾ പ്രകാരമുള്ള അധിക തുക അനുവദി ക്കാവുന്നതാണ്, റോഡ് പ്രോജക്ടുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കാൻ പാടില്ലെന്നിരിക്കെ ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്ത നടപടി ഒഴിവാക്കേണ്ടതായിരുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.8 ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി**

വടകര മുനിസിപ്പാലിറ്റി 2004–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്ന 'ലിങ്ക് റോഡ് നിർമ്മാണം' എന്ന പ്രവൃത്തിക്ക് 2008–ലെ നിരക്കുകൾ അനുവദിക്കണമെന്ന് സംഘം ആവശ്യപ്പെട്ടിട്ടുണ്ട്. 10.10.2008–ലെ 60/2008/ധന നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ബാധകമാക്കിയാൽ പ്രസ്തുത പ്രവൃത്തിക്ക് 2008–ലെ നിരക്കുകൾ അനുവദിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

*(നടപടി: 1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്*
*2. ചീഫ്, എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്)*

**2.9 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

കാൻസർ, എയ്ഡ്സ്, വാർദ്ധ്യക്യ സഹജ രോഗങ്ങൾ, അപകടങ്ങൾ മൂലം നട്ടെല്ലിന് ക്ഷതം സംഭവിച്ച് സുഷുമ്നാനാടി തളർന്ന് കിടപ്പിലായവർ തുടങ്ങി ആശുപത്രി കളിൽ ചെന്ന് ചികിത്സ തേടാൻ പറ്റാത്ത വിധം അവശരായ രോഗികളെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വീടുകളിൽ ചെന്ന് സാന്ത്വന പരിചരണം നൽകുന്നതിനും ആശുപത്രി ചെലവുൾപ്പെടെയുള്ള ചികിത്സാസഹായം നൽകുന്ന തിനുമുള്ള പ്രോജക്ടിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവരിൽ മരണപ്പെട്ട 50 രോഗികൾക്ക് അനുവദിച്ച 3,46,282 രൂപ അവരുടെ കുടുംബങ്ങൾക്ക് അനുവദിക്കുവാൻ അനുമതി നൽകുന്നു. മരണപ്പെട്ട രോഗികളുടെ കുടുംബങ്ങൾ ആരെല്ലാമെന്ന് ബോധ്യപ്പെടുത്തുന്ന വില്ലേജ് ഓഫീസറുടെ ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിന്റെയും തുക കൈപ്പറ്റുന്നതിന് അവരിൽ ഒരാളെ ചുമതലപ്പെടുത്തി ക്കൊണ്ടുള്ള കുടുംബാംഗങ്ങളുടെ സമ്മതപത്രത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ തുക അനുവദിക്കുവാൻ പാടുള്ളു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.10 ആലപ്പാട് ഗ്രാമപഞ്ചായത്ത്**

സുനാമി ബാധിത പ്രദേശമായതിനാൽ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും വീട് നിർമ്മിച്ചു നൽകുന്നുണ്ടെന്നും പ്രസ്തുത പദ്ധതികൾ അടുത്ത മാർച്ചിൽ പൂർത്തി യാകുന്നതോടെ ഭവനരഹിതർ ആരും തന്നെ ഗ്രാമപഞ്ചായത്തിൽ ഉണ്ടാകില്ലെന്നും ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇ.എം.എസ്. ഭവന പദ്ധതിക്ക്, 2008–09 മുതൽ 2010–11 വരെ ആകെ വികസനഫണ്ടിന്റെ 15 ശത മാനം തുക നിർബന്ധമായും നീക്കി വയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി നൽകുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.11 തൃക്കാക്കര ഗ്രാമപഞ്ചായത്ത് സഹകരണ ആശുപത്രി**

സഹകരണ ആശുപത്രിക്ക് ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാവുന്നതാണെന്ന എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ അംഗീകരിക്കുന്നില്ല. കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ ഗ്രാമീണ കേന്ദ്രമെന്ന പദവി സഹകരണ ആശുപത്രിക്ക് നൽകണമെന്ന ആവശ്യം സഹകരണ, ആരോഗ്യ വകുപ്പുകളുടെ പരിഗണനയ്ക്ക് നൽകണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

### 2.12 മത്സ്യഫെഡ്

വിവധ സ്രോതസ്സുകളിൽ നിന്നുള്ള വിഹിതം സമന്വയിപ്പിച്ച് കണ്ണൂർ ജില്ലയിലെ അഴീക്കലിൽ സ്ഥാപിക്കുന്ന വല നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണത്തിന് വിഹിതം നൽകുവാൻ കണ്ണൂർ ജില്ലയിലെ 15 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയവും മത്സ്യ മേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ സാങ്കേതിക നിർവഹണ ഏജൻസിയായി മത്സ്യ ഫെഡിനെ അംഗീകരിക്കണമെന്ന നിർദ്ദേശവും അടുത്തയോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

### 2.13 ഫിഷറീസ് വകുപ്പ്

'മത്സ്യ കേരളം' പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. തെരഞ്ഞെടുത്ത മൂന്നോ നാലോ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ഫിഷറീസ് ഡയറക്ടർ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് നിർദ്ദേശങ്ങൾ തയ്യാറാക്കണം. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്ന ഘടകങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള സാധ്യത ആരായണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

### 2.14 എനർജി മാനേജ്മെന്റ് സെന്റർ

തദ്ദേശഭരണസ്ഥാപനങ്ങൾ ബസ് വെയ്റ്റിംഗ് ഷെഡുകളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കാനുള്ള അനുമതി നൽകുമ്പോൾ, ജനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തിയെടുക്കുന്നതിനായി, ഊർജ്ജ സംരക്ഷണ ആശയങ്ങളടങ്ങിയ മുദ്രാവാക്യങ്ങൾ ബസ് വെയിറ്റിംഗ് ഷെഡുകളുടെ വശങ്ങളിലായി പ്രദർശിപ്പിക്കാവുന്നതാണെന്ന എനർജി മാനേജ്മെന്റ് സെന്ററിന്റെ നിർദ്ദേശങ്ങൾ സംബന്ധിച്ച് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ സമർപ്പിച്ച ചുവടെ ചേർത്തിട്ടുള്ള ശുപാർശകൾ അംഗീകരിക്കുന്നു.

"സാധാരണക്കാർക്ക് നേരിട്ട് പ്രയോഗത്തിൽ വരുത്താവുന്ന ആശയ സംവേദന ക്ഷമമായ താഴെപ്പറയുന്ന പരസ്യ വാചകങ്ങൾ ബസ് വെയിറ്റിംഗ് ഷെഡുകളിലെ പരസ്യ പാനലുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകാവുന്നതാണ്".

**സന്ദേശം**

- ഗാർഹിക വൈദ്യുതി ചെലവു കുറയ്ക്കാൻ 100 W ബൾബുകൾക്ക് പകരം 18 W CFL -കളും 60 W ബൾബുകൾക്കു പകരം 11 W CFLകളും ഉപയോഗിക്കൂ.
- വൈദ്യുതി ചെലവു ചുരുക്കാൻ ഫാനുകൾക്ക് ഇലക്ട്രോണിക് റെഗുലേറ്റർ സ്ഥാപിക്കുകയും കുറഞ്ഞ വേഗതയിൽ ഉപയോഗിക്കുകയും ചെയ്യൂ.

കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ/ അനെർട്ട് എന്നീ സ്ഥാപനങ്ങളുടെ മേൽവിലാസം/ഫോൺ നമ്പർ കൊടുക്കാവുന്നതാണ്.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

### 2.15 ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

വിള ഇൻഷ്വറൻസ് പ്രീമിയം, കൃഷി ചെലവ് എന്നിവ ഉൾപ്പെടെ നെൽകൃഷിക്ക് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ധനസഹായം (2500 രൂപ) കൂട്ടുകൃഷി അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന സ്വാശ്രയ സംഘങ്ങൾക്കും അനുവദിക്കാവുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്തിന് വിശദീകരണം നൽകണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.16 വടവുകോട് ബ്ലോക്ക് പഞ്ചായത്ത്**

2007–08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'വനിതാ വ്യവസായ പരിശീലന കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ' എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി ലഭിച്ചതിനെക്കാൾ 4,18,963 രൂപ അധികം വിനിയോഗിച്ച നടപടിക്ക് സാധൂകരണം നൽകുന്നില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.17 പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത്**

2007–08 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ച ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടു കൾക്ക് വകയിരുത്തിയിരുന്ന തനത്ഫണ്ടിനു പകരം നടപ്പുവർഷം വികസനഫണ്ട് വിനിയോഗിച്ച നടപടിക്ക്, പ്രോജക്ട് അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിയാണ് ഇപ്രകാരം വകമാറ്റി ചെലവഴിച്ചതെങ്കിൽ മാത്രം, സാധൂകരണം നൽകുന്നു.

1. ആറുശ്ശേരി–ചാലിലകത്ത്കുഞ്ഞഹമ്മദ് മുസ്ലിയാർ സ്മാരക റോഡ് ടാറിംഗ്
2. അസീസ്പ്പടി പാറമ്മൽ പള്ളി റോഡ് ടാറിംഗ്
3. ബല്ലാംകുന്ന് ആലസാനാജിപ്പടി റോഡ് കോൺക്രീറ്റിംഗ്
4. കുളങ്ങര ജുമാമസ്ജിദ് ചിറയ്ക്കൽപ്പടി റോഡ് ടാറിംഗ്
5. നാട്ടുകല്ല് കുന്ന് – മണ്ണാടിക്കാവ് റോഡ് ടാറിംഗ്

പ്രോജക്ടുകൾ നടപടി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.18 പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 'ഔഷധ ഉദ്യാന നിർമ്മാണം' എന്ന പ്രോജക്ടിന്റെ അനുമതി സംബന്ധിച്ച വിഷയം അടുത്ത യോഗ ത്തിൽ ചർച്ച ചെയ്യുന്നതാണ്. പ്രോജക്ട് വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.19 പീരുമേട് ഗ്രാമപഞ്ചായത്ത്**

കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം തദ്ദേശഭരണസ്ഥാപനങ്ങൾക്കുവേണ്ടി പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇൻഫർമേഷൻ കേരള മിഷന്റെ ചുമതലയിലും പോർട്ടൽ പ്രവർത്തിപ്പിച്ചുവരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പോർട്ടലുകൾ പരിശോധിച്ച് കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് ബോധ്യപ്പെടുകയാണെങ്കിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ റിപ്പോർട്ട് ചെയ്ത് പോർട്ടലിന്റെ ഭാഗമാക്കാവുന്നതാണ്. കാലോചിതമായി വിവരങ്ങൾ പുതുക്കാവു ന്നതുമാണ്. ഈ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേകം വെബ്സൈറ്റുകൾ ആരംഭിക്കേണ്ട ആവശ്യമില്ല. ആയതിനാൽ വെബ്സൈറ്റ് ആരംഭി ക്കുന്നതിനും തനത് ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുന്നതിനും അനുവാദം നൽകുന്നില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.20 നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി**

വീടുകളുടെ ഗുണമേന്മ വർദ്ധനവ്/മേൽക്കൂര ബലപ്പെടുത്തൽ എന്ന പ്രോജക്ടു പ്രകാരം പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ ഗുണഭോക്താക്കൾക്കും അറ്റകുറ്റ പ്പണി/റിപ്പയർ പ്രോജക്ടുപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ഒരിക്കൽ മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂവെന്ന് വിശദീകരണം നൽകണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

## 2.21 പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പ്

കേരള എസ്.സി/എസ്.ടി. പ്രൊട്ടക്ഷൻ കൗൺസിൽ സമർപ്പിച്ച നിവേദനത്തിലെ വിവിധ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ പട്ടിക ജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന അഭിപ്രായങ്ങൾ പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പിനെ അറിയിക്കണം.

(i) തദ്ദേശഭരണസ്ഥാപനങ്ങളുടെ പതിനൊന്നാം പദ്ധതിയിൽ പ്രത്യേക ഘടക പദ്ധതിയുടെയും പട്ടിക വർഗ്ഗ ഉപപദ്ധതിയുടെയും ആസൂത്രണത്തിന്റെ മേന്മ മെച്ചപ്പെടുത്തുന്നതിനാണ് ഊന്നൽ നൽകിയിട്ടുള്ളത്. സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ലാത്തതിനാൽ പട്ടിക വിഭാഗങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തി അവയെ നേരിടുന്നതിന് ഫലപ്രദവും ആവശ്യാധിഷ്ഠിതവുമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ പലപ്പോഴും കഴിയുന്നില്ല. അതിനാൽ പട്ടികജാതി സങ്കേതങ്ങളുടെയും പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ഊരുകളുടെയും സമഗ്ര സർവെ നടത്തി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിവരശേഖരണം ഇപ്പോൾ നടന്നു വരികയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ പ്രത്യേക ഘടക പദ്ധതി/പട്ടിക വർഗ്ഗ ഉപപദ്ധതിയുടെ കാര്യത്തിൽ ഭവന നിർമ്മാണം, ഭവന നിർമ്മാണത്തിന് സ്ഥലം നൽകൽ, ശുചിത്വ കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്. തൊഴിൽ സാധ്യതകൾ വർദ്ധിച്ചു വരുന്ന മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകി സ്വയംതൊഴിലിലൂടെയോ വേതന തൊഴിലിലൂടെയോ സാമ്പത്തിക വികസനം നേടുന്നതിന് സഹായങ്ങൾ നൽകുന്നതിനും ശേഷി മെച്ചപ്പെടുത്തുന്നതിനും ഉള്ള പരിപാടികൾ തയ്യാറാക്കി നടപ്പാക്കണമെന്നും ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഭവനനിർമ്മാണം, ഭവന നിർമ്മാണത്തിന് സ്ഥലം നൽകൽ എന്നിവയിൽ അടുത്ത മൂന്ന് വർഷത്തിനകം പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനുള്ള കർമ്മ പരിപാടി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ആവിഷ്കരിച്ചു വരികയാണ്.

(ii) ആവശ്യാധിഷ്ഠിതമായി മാത്രമേ പ്രോജക്ടുകൾ ഏറ്റെടുക്കുന്നുള്ളൂവെന്ന് ഉറപ്പാക്കുന്നതിന് പര്യാപ്തമായ ആസൂത്രണ നടപടിക്രമങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ ഉപപദ്ധതിയുടെ കാര്യത്തിലാണെങ്കിൽ ഊരുകൂട്ടം നിശ്ചയിക്കുന്ന പരിപാടികൾ മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ.

സമയബന്ധിതവും കാര്യക്ഷമവുമായ നിർവഹണം ഉറപ്പു വരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനതലം, ജില്ലാതലം എന്നീതലങ്ങളിലെ മോണിട്ടറിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതാണ്.

(iii) സംസ്ഥാന ബജറ്റിന്റെ അനുബന്ധം-IV-ൽ വകയിരുത്തുന്ന തുക കൺട്രോളിംഗ് ഓഫീസർമാർ നേരിട്ടാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നത്. ഉദാഹരണത്തിന്; ഒരു ഗ്രാമ പഞ്ചായത്തിന് പഞ്ചായത്ത് ഡയറക്ടർ ഫണ്ട് അനുവദിക്കുന്ന 'ലെറ്റർ ഓഫ് അതോറിട്ടിയുടെ' പകർപ്പ് ബന്ധപ്പെട്ട ട്രഷറിയിൽ ലഭിച്ചാലുടൻ ആ ഗ്രാമ പഞ്ചായത്തിന്റെ പി.ഡി. അക്കൗണ്ടിൽ തുക വകയിരുത്തി നൽകുന്ന സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. മൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരമാണ് പ്രസ്തുത നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. അതിനാൽ ജില്ലാ ആസൂത്രണസമിതി തലത്തിൽ ഫണ്ട് പുനഃക്രമീകരിച്ചു നൽകുന്ന സംവിധാനം പ്രാവർത്തികമാക്കാൻ കഴിയുകയില്ല. ഏതെങ്കിലും തദ്ദേശ ഭരണസ്ഥാപനത്തിന് വിഹിതം ആവശ്യമില്ലെങ്കിൽ ആ വിവരം ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള വിഹിതം ബജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനു മുൻപ് ജില്ലാ ആസൂത്രണ സമിതി മുഖേന സംസ്ഥാന ആസൂത്രണ ബോർഡിന് റിപ്പോർട്ട്

ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണ്. പ്രത്യേക ഘടക പദ്ധതി വിഹിതത്തിന്റെ കാര്യത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും പട്ടികവർഗ്ഗ ഉപപദ്ധതിയുടെ കാര്യത്തിൽ ഐ.ടി.ഡി. പ്രോജക്ട് ഓഫീസറുടെയും/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെയും പരിശോധനാ റിപ്പോർട്ട് ഉൾപ്പെടെയായിരിക്കണം ജില്ലാ ആസൂത്രണസമിതി സംസ്ഥാന ആസൂത്രണബോർഡിന് റിപ്പോർട്ട് നൽകേണ്ടത്.

*(iv)* ഭരണഘടനയിൽ വിഭാവന ചെയ്തിട്ടുള്ളത് പ്രകാരമാണ് ഗ്രാമപ്രദേശങ്ങളിൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നിട്ടുള്ളത്. പട്ടികജാതി/പട്ടിക വർഗ്ഗ വികസനത്തെ സംബന്ധിച്ചിടത്തോളം കേരളത്തിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ചുമതലകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ചുമതലകൾ നിറവേറ്റുന്നതിനുള്ള ഫണ്ട് അനുവദിക്കേണ്ടതുണ്ട്. പട്ടികജാതി – പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ മാത്രം ആസൂത്രണ–നിർവഹണപ്രക്രിയയിൽ നിന്നും മുകൾത്തട്ട് പഞ്ചായത്തുകളെ പൂർണ്ണമായും ഒഴിച്ചുനിർത്തുന്നത് വിവേചനപരമായിരിക്കും. അത് അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തക്ക് യോജിച്ചതുമല്ല. എസ്.സി.പി./ടി.എസ്.പി ഫണ്ടുകൾ പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ അവ സമയബന്ധിതമായി വിനിയോഗിക്കാൻ കഴിയണമെന്നില്ല. ആസൂത്രണ–നിർവഹണ പ്രക്രിയയിൽ നിന്നും മുകൾത്തട്ട് പഞ്ചായത്തുകളെ പൂർണ്ണമായും ഒഴിവാക്കുന്നതിനുപകരം ഇരട്ടിപ്പ് ഇല്ലാതെ ഓരോ തലത്തിലെയും പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ ഏതൊക്കയെന്ന് വ്യക്തമായി നിശ്ചയിച്ച് അതനുസരിച്ച് പദ്ധതി നടപ്പാക്കുക എന്ന രീതി അവലംബിക്കുന്നതായിരിക്കും അഭികാമ്യം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

### 2.22 കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

കഴിഞ്ഞ 12 വർഷമായി തുടർച്ചയായി നടപ്പാക്കി വരികയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ സർക്കാർ സമാനമായ സ്കീം ആവിഷ്കരിക്കുന്നതുവരെ, തനതു ഫണ്ട് വിനിയോഗിച്ച് അപകട ഇൻഷ്വറൻസ് സ്കീം നടപ്പാക്കാൻ അനുവാദം നൽകുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

### 2.23 വൃദ്ധർ, വികലാംഗർ എന്നിവർക്ക് പോഷകാഹാര പരിപാടികൾ

സംയോജിത ശിശു വികസന പരിപാടി പ്രകാരമുള്ള പോഷകാഹാര വിതരണ പരിപാടികൾക്ക് പുറമെ ആശ്രയ ഗുണഭോക്താക്കൾക്ക് മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഭക്ഷണ വിതരണ പരിപാടികൾ നടപ്പാക്കാൻ പാടുള്ളൂ. ഇപ്രകാരമല്ലാതെ 2008–09 വാർഷിക പദ്ധതിയിൽ ഭക്ഷണ വിതരണ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ആ പ്രോജക്ടുകൾ നടപ്പാക്കാൻ പാടില്ല. പകരം പ്രോജക്ടുകൾ ബന്ധപ്പെട്ട മേഖലയിൽ നിർദ്ദേശിക്കാവുന്നതാണ്. ഉത്തരവ് പുറപ്പെടുവിക്കണം.

വൃദ്ധർ, വികലാംഗർ എന്നിവർക്ക് പോഷകാഹാരം നൽകുന്നതിന് പ്രോജക്ടുകൾ നിർദ്ദേശിച്ചിട്ടുള്ള ഇട്ടിവ, വാഴയൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്കും മഞ്ചേരി മുനിസിപ്പാലിറ്റിക്കും മുകളിൽ സൂചിപ്പിച്ച തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി നൽകണം. *(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

### 2.24 ക്ലാപ്പന ഗ്രാമപഞ്ചായത്ത്

കുടിവെള്ള സ്കീമിൽ നിന്നും ഗാർഹിക കണക്ഷൻ എടുക്കുന്ന കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് 2008–09 വാർഷിക പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ട് ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി നടപ്പാക്കുവാൻ അനുവാദം നൽകുന്നു.

(i) സ്കീമിന്റെ പരിധിയിൽ വരുന്ന എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും കണക്ഷൻ ലഭ്യമാക്കണം.

(ii) സ്കീമിന്റെ ഭാഗമായുള്ള എല്ലാ പൊതുടാപ്പുകളും ഒഴിവാക്കണം.

(iii) സർവീസ് കണക്ഷൻ ചെലവ് ഇനത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ കുടുംബാംഗങ്ങൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 100 ശതമാനവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പൊതുവിഭാഗം കുടുംബങ്ങൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനവും ധനസഹായം അനുവദിക്കാവുന്നതാണ്.

(iv) വെള്ളക്കരം ഗുണഭോക്താക്കൾ തന്നെ അടയ്ക്കണം.

കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസിയുമായി കൂടിയാലോചിച്ച് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിനുശേഷം ഗ്രാമപഞ്ചായത്തിന് മറുപടി നൽകണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.25 ജില്ലാ ആസൂത്രണസമിതി, ഇടുക്കി**

അടിമാലി ഗ്രാമപഞ്ചായത്ത് 2008-09 വാർഷിക പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള 155, 159 നമ്പർ പ്രോജക്ടുകൾ സംബന്ധിച്ച് ചുവടെയുള്ള സ്പഷ്ടീകരണം നൽകണം.

**(i) പ്രോജക്ട് നമ്പർ 155: പഞ്ചായത്ത് പ്രവേശന കവാടത്തിൽ ആർച്ച് സ്ഥാപിക്കലും റാണിക്കല്ല് സംരക്ഷണവും**

'ആർച്ച് സ്ഥാപിക്കൽ' എന്ന ഘടകം ഒഴിവാക്കേണ്ടതാണ്. ചരിത്ര സ്മാരക സംരക്ഷണമെന്ന നിലയിൽ 'റാണിക്കല്ല് സംരക്ഷണം' എന്ന ഘടകം നടപ്പാക്കാവുന്നതാണ്.

**(ii) പ്രോജക്ട് നമ്പർ 159: പഞ്ചായത്തിന് കമ്പ്യൂട്ടർ വാങ്ങൽ (തനത് ഫണ്ട് 1.00 ലക്ഷം രൂപ)**

ഇൻഫർമേഷൻ കേരള മിഷൻ മുഖേന നടപ്പാക്കുന്ന കമ്പ്യൂട്ടറൈസേഷന് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും മാത്രമേ വാങ്ങാൻ പാടുള്ളൂ. അതിന് ഉപരിയായി കമ്പ്യൂട്ടറുകൾ വാങ്ങാൻ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടിന് അനുമതി നൽകേണ്ടതില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.26 ഫറോക്ക് ഗ്രാമപഞ്ചായത്ത്**

2008-09 വാർഷിക പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പട്ടികജാതി പെൺകുട്ടികൾക്ക് സിവിൽ ഏവിയേഷൻ ട്രയിനിംഗ് എന്ന പ്രോജക്ട് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS) മുഖേന നടപ്പാക്കുന്നതിന് അനുമതി നൽകുന്നു. കിറ്റ്സിന്റെ അംഗീകാരത്തോടുകൂടി മാത്രമേ പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കാൻ പാടുള്ളൂ. *(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.27 ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്**

വായ്പാബന്ധിത ഭവന പദ്ധതിയുടെ പലിശ തനത് ഫണ്ടിൽനിന്നും അടയ്ക്കാൻ അനുമതിനൽകുന്നില്ല. പലിശ ഗുണഭോക്താവുതന്നെ നേരിട്ട് ബാങ്കിൽ അടയ്ക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.28 മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണി നടത്തൽ**

**(a) കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്**

ഓഫീസ് അറ്റകുറ്റപ്പണി നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ട് തനത് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാവുന്നതാണ്.

**(b) ദേവികുളം ബ്ലോക്ക്പഞ്ചായത്ത്**

(i) "ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ജനലഴികൾ ഘടിപ്പിക്കൽ" എന്ന പ്രോജക്ട്, ബ്ലോക്ക് പഞ്ചായത്തിന് തനത് ഫണ്ട് ഇല്ലാത്തതിനാൽ, മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുവാൻ അനുമതി നൽകുന്നു.

(ii) ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ദിവസക്കൂലിക്ക് സെക്യൂരിറ്റി ജീവനക്കാരനെ നിയമിക്കുവാൻ അനുമതി നൽകുന്നില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.29 ജില്ലാതല ടി.എ.ജി., പാലക്കാട്**

മൃഗസംരക്ഷണ മേഖലയിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ള വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.30 ഒക്കൽ ഗ്രാമ പഞ്ചായത്ത്**

ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ 2007-08 വാർഷിക പദ്ധതിയുടെ നടപടി ഉത്തരവിൽ ഉൾപ്പെട്ടതാണെങ്കിൽ മാത്രം 2008-09 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ ആയി ഉൾപ്പെടു ത്തുന്നതിന് അനുമതി നൽകുന്നു.

(1) S 88/08-കക്കൂസ് നിർമ്മാണം
(2) S 87/08-കക്കൂസ് നിർമ്മാണം

സ്പിൽഓവർ ഘടകം പൂർത്തിയാക്കാൻ വകയിരുത്തുന്ന തുകയുടെ അനുമതി സംബന്ധിച്ച കാര്യങ്ങൾ ടി.എ.ജി.യുടെ പരിശോധനയ്ക്ക് വിധേയമാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)*

**2.31 മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്**

(i) 2007-08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ '69/08 - ഒന്നാം മൈൽ ലാത്തട്ടറിപ്പാറ റോഡ്' എന്ന പ്രോജക്ട് സ്പിൽഓവർ ആയി 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നു. സ്പിൽ ഓവർ പ്രോജക്ട് പൂർത്തിയാക്കാൻ നടപ്പുവർഷം വകയിരുത്തുന്ന തുകയുടെ അനുമതി സംബന്ധിച്ച കാര്യങ്ങൾ ടി.എ.ജി.യുടെ പരിശോധനയ്ക്ക് വിധേയമാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം.

(ii) റോഡ് പ്രവർത്തികൾക്ക് ആവശ്യമായ ടാറിന്റെ അധികവില, അതത് സമയങ്ങളിൽ നിലവിലുള്ള മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രം അനുവദിക്കാവുന്നതാണ്.

(iii) ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടുശിക തനത്ഫണ്ടിൽനിന്നും അടയ്ക്കുവാൻ അനുമതി നൽകുന്നില്ല.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.32 കായംകുളം മുനിസിപ്പാലിറ്റി**

പാടശേഖരങ്ങളിലെ വെള്ളക്കെട്ട് ഒഴുക്കിക്കളയുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടിന് ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തേണ്ടതില്ല. എന്നാൽ പശ്ചാത്തലമേഖലയിൽ ഉൾപ്പെടുത്തി മാത്രമെ പ്രോജക്ട് നടപ്പാക്കാൻ പാടുള്ളൂ. കോൺക്രീറ്റ് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കാൻ പാടില്ലെന്ന് മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകണം.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.33 പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്**

"പട്ടികജാതി പാർപ്പിട ഭൂമി മണ്ണിട്ടുയർത്തൽ" എന്ന പ്രോജക്ട് (32,78,319 രൂപ) വികസനഫണ്ട് വിനിയോഗിച്ച് നടപ്പാക്കാൻ അനുമതി നൽകുന്നില്ല. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ നടത്തുന്ന ഭൂവികസന ഭൂവികസന പ്രവർത്ത നങ്ങൾ ഒറ്റത്തവണത്തേക്ക് നീർത്തടവികസന പദ്ധതിയുടെ ഭാഗമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം നടപ്പാക്കാമെന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കാവുന്നതാണ്.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.34 മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്**

എയ്ഡഡ് സ്കൂളുകൾക്ക് അലമാര വാങ്ങി നൽകുവാൻ അനുമതി നൽകുന്നില്ല.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.35 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ഭൂജലവകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് ഗുണഭോക്തൃ വിഹിതം ഒഴിവാക്കി നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | തുക (രൂപ) |
|---|---|---|
| 1 | എസ്.213/07 വിവിധ ഡിവിഷനുകളിൽ കുടിവെള്ള പദ്ധതികൾ | 19,50,350 |
| 2 | എസ്.214/07 കാണത്താരിൽ ഹരിജൻ കോളനി കുടിവെള്ള പദ്ധതി | 6,10,900 |
| 3 | എസ്.215/07 വരേണിക്കൽ കോളനി വാട്ടർ ടാങ്ക് നിർമ്മാണം | 6,00,000 |
| 4 | എസ്.216/07 മൂലംവെള്ളി കോളനി കുടിവെള്ള വിതരണം | 7,08,500 |
| 5 | എസ്.217/07കരിക്കണാംശ്ശേരി കോളനി കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി | 35,000 |
| 6 | എസ്.218/07 വിവിധ ഡിവിഷനുകളിൽ പൈപ്പ്ലൈൻ വ്യാപനം | 46,98,655 |
| 7 | എസ്.219/07 വിവിധ ഡിവിഷനുകളിൽ പൈപ്പ്ലൈൻ വ്യാപനം | 10,87,209 |
| 8 | എസ്.283/07 കുളക്കാട് എസ്.സി. കോളനി കുടിവെള്ള വിതരണം | 95,961 |
| | **ആകെ** | **97,86,575** |

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.36 ചാവക്കാട് മുനിസിപ്പാലിറ്റി**

മാലിന്യ സംസ്ക്കരണ ഡിപ്പൊ സ്ഥിതി ചെയ്യുന്ന പരപ്പിൽ താഴം കോളനിയിൽ കുടിവെള്ളം എത്തിക്കാൻ കേരള വാട്ടർ അതോറിറ്റി മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പാക്കിയ കുടിവെള്ള പ്രോജക്ടിന് ഗുണഭോക്തൃവിഹിതം ഒഴിവാക്കിയ നടപടിക്ക് സാധൂകരണം നൽകുന്നു.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.37 കുടുംബശ്രീ മിഷൻ**

ആശ്രയ ഗുണഭോക്താക്കൾക്ക് 1.00 ലക്ഷം രൂപവരെ ഭവനനിർമ്മാണ ധനസഹായം അനുവദിക്കാവുന്നതാണ്. ഉത്തരവ് പുറപ്പെടുവിക്കണം.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.38 പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്**

2007–08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ "ഗ്രാമപഞ്ചായത്ത് ഓഫീസിന് ഭൗതിക സൗകര്യം വർദ്ധിപ്പിക്കൽ, ഫർണിച്ചർ, റീവയറിംഗ്" എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ലഭിച്ചതിനെക്കാൾ 4,29,500 രൂപ അധികം ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകുന്നില്ല.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.39 പറക്കോട് ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അംഗൻവാടികളുടെ അറ്റകുറ്റപ്പണി നടത്തുവാൻ ബ്ലോക്ക് പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു. നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മെയിന്റനൻസ് പ്രവൃത്തികളുടെ വിവരങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ മുൻകൂട്ടി അറിയിക്കണം.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.40 ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ പൊതുവിഭാഗത്തിലും പ്രത്യേക ഘടക പദ്ധതിയിലും നിർദ്ദേശിച്ചിട്ടുള്ള 'തെങ്ങിന് തടംവെട്ട്' എന്ന പ്രോജക്ടിന് അനുമതി നൽകുന്നില്ല. ചെറുകിട–നാമമാത്ര കർഷകരുടെ ഭൂമിയിൽ നടത്തുന്ന ഭൂവികസന പ്രവർത്തനങ്ങൾ ഒറ്റത്തവണത്തേക്ക് നീർത്തടവികസന പദ്ധതിയുടെ ഭാഗമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം നടപ്പാക്കാമെന്നതിനാൽ ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കാവുന്നതാണ്.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.41 കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്**

പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് അംഗൻവാടികൾ നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടിന്റെ സോഷ്യൽ മാപ്പ്, സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് നിർദ്ദേശങ്ങൾ അടുത്ത യോഗത്തിൽ സമർപ്പിക്കണം.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.42 തിരുവനന്തപുരം ജില്ലാപഞ്ചായത്ത്**

നബാർഡ്–ആർ.ഐ.ഡി.എഫ്. പ്രകാരം 2007–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ കരാർ ഉടമ്പടിയിൽ സിമെന്റ്, കമ്പി എന്നിവയ്ക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള വിപണി വില അനുവദിക്കുന്നതാണെന്ന് വ്യവസ്ഥചെയ്ത് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് മാത്രം അധികവില വികസനഫണ്ടിൽനിന്നും അനുവദിക്കാവുന്നതാണെന്നും ഇപ്രകാരം വ്യവസ്ഥ ചെയ്യാതെ ഇതിനകം കരാറിലേർപ്പെട്ട പ്രവൃത്തികൾക്ക് അധികവില അനുവദനീയമല്ലെന്നും വിശദീകരണം നൽകണം.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.43 ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി**

പ്രത്യേക ഘടകപദ്ധതിപ്രകാരം നടപ്പാക്കുന്ന ഭവന നിർമ്മാണത്തിന് 70,000 രൂപവരെ സബ്സിഡി അനുവദിച്ചുകൊണ്ടുള്ള നിർദ്ദേശം 01.04.2006–ന് ശേഷം കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് മാത്രം നടപ്പാക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിരുന്നത്. 01.04.2006–ന് മുമ്പ് കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് കൂടി വർദ്ധിച്ച നിരക്കിൽ സബ്സിഡി അനുവദിച്ച മുനിസിപ്പാലിറ്റിയുടെ നടപടിക്ക്, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സാധൂകരണം നൽകുന്നില്ല.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.44 ചെങ്കള ഗ്രാമപഞ്ചായത്ത്**

കെ.കെ.പുരത്ത് പ്രവർത്തിക്കുന്ന നഴ്സറി സ്കൂൾ അംഗൻവാടിയാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന് നൽകണം.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.45 കേരള ആയൂർവ്വേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട്**

ആയൂർവ്വേദ ആശുപത്രികൾക്ക് ആവശ്യമായ ഔഷധങ്ങൾ ഈ സംഘത്തിൽനിന്നും നേരിട്ട് വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് സ്റ്റേറ്റ്പെർഫോമൻസ് ആഡിറ്റ് ഓഫീസർ സമർപ്പിച്ച ചുവടെ ചേർത്തിട്ടുള്ള ശുപാർശകൾ അംഗീകരിച്ചു.

''സംഘത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾ 19 മുതൽ 25% വരെ കമ്മീഷൻ വ്യവസ്ഥയിലാണ് മറ്റ് വിപണന ഏജൻസികൾക്ക് നൽകി വരുന്നത്. ഇതേ Commission/discount വ്യവസ്ഥയിൽ ആയൂർവേദ മരുന്നുകൾ വാങ്ങുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേക്ക് അനുമതി നൽകാവുന്നതാണ്. ഇപ്രകാരം നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം ഒരു വർഷം നിരീക്ഷിച്ച ശേഷം തുടർന്ന് അനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ആരോഗ്യ ഫാർമയ്ക്ക് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ Commission/ discount വ്യവസ്ഥ പരിപാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ആയുർവേദ മരുന്നുകൾ വാങ്ങുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും പുനഃപരിശോധിക്കേണ്ടതും, സർക്കാർ നിയന്ത്രണത്തിലുള്ള "ഔഷധി" ഒഴിച്ചുള്ള ആയൂർവേദ സഹകരണസംഘങ്ങളിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മരുന്നുകൾ വാങ്ങുന്നതിന് ഡിസ്ക്കൗണ്ട് വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് ഏകീകൃത ചട്ടങ്ങൾ രൂപപ്പെടുത്തേണ്ടതാണ്. കൂടാതെ മരുന്നുകൾ വാങ്ങുന്നതിന് "ഔഷധി"ക്ക് മുൻഗണന നൽകേണ്ടതാണെന്നും നിഷ്കർഷിക്കാവുന്നതാണ്''.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.46 ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത്**

2007–08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'പട്ടികജാതി വൃദ്ധജന ങ്ങൾക്ക് പോഷകാഹാരം, വൈദ്യസഹായം, കട്ടിൽ' എന്ന പ്രോജക്ട് നടപ്പാക്കിയതിൽ ക്രമക്കേട് നടന്നതായുള്ള പരാതിയന്വേഷിച്ച് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നൽകിയ ചുവടെ ചേർത്തിട്ടുള്ള ശുപാർശകൾ അംഗീകരിച്ചു.

"31.03.2004–ലെ സർക്കാർ ഉത്തരവ് (എം.എസ്)40/04/പ്ലാനിംഗ് പ്രകാരം ഫർണിച്ചറിന് സബ്സിഡി നൽകാൻ പാടില്ല. പദ്ധതി മാർഗ്ഗരേഖയിൽനിന്നും വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കിയാണ് ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ പ്രോജക്ട് ഡി.പി.സി.യുടെ ശ്രദ്ധയിലുംപ്പെട്ടില്ല. അതിനാൽ ഈ പ്രോജക്ടിന് പേമെന്റ് നടത്തേണ്ടതില്ല".

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.47 കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഇ.എം.എസ്. ഭവന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ 'ഭവനനിർമ്മാണം – ജനറൽ' എന്ന പ്രോജക്ടിൽനിന്നും 1.50 ലക്ഷം രൂപ വകമാറ്റി "ലക്ഷംവീട് നവീകരണം" എന്ന പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നു.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.48 പാമ്പാക്കുട ഗ്രാമപഞ്ചായത്ത്**

(i) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കളാണെങ്കിൽ കുടിവെള്ളക്കിണർ എന്ന നിലയ്ക്ക് സേവനമേഖലയിൽപ്പെടുത്തി 2008–2009 വാർഷികപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള രണ്ടുപ്രോജക്ടുകളും നടപ്പാക്കാവുന്നതാണെന്ന് വിശദീ കരണം നൽകണം.

(ii) "സമ്പൂർണ്ണ കോഴിഗ്രാമം" എന്ന പ്രോജക്ടിന് വകയിരുത്തിയിട്ടുള്ള തുക കേരള പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഡെപ്പോസിറ്റ് ചെയ്യുവാൻ അനുമതി നൽകുന്നില്ല.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

**2.49 കെൽട്രോൺ, കേരള വികലാംഗക്ഷേമ കോർപ്പറേഷൻ**

ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ ഈ സ്ഥാപനങ്ങളിൽനിന്നും നേരിട്ട് വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാമോ എന്ന വിഷയം സംബന്ധിച്ച് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അഭിപ്രായം ആരായണം.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്)*

********

**29.10.2008–ലെ യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീ.പാലോളി മുഹമ്മദ്കുട്ടി
   ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
2. ശ്രീ.സി.പി.നാരായണൻ
   മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
3. ശ്രീ. പി.വി. ഉണ്ണികൃഷ്ണൻ
   മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
4. ശ്രീ.എസ്.എം.വിജയാനന്ദ്
   പ്രിൻസിപ്പൽ സെക്രട്ടറി
   തദ്ദേശസ്വയംഭരണ വകുപ്പ്
5. പ്രൊഫ.പി.കെ.രവീന്ദ്രൻ
   തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
6. ശ്രീമതി ശാരദാ മുരളീധരൻ

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ മിഷൻ

7 ശ്രീ. കെ.ആർ. മുരളീധരൻ
ഡയറക്ടർ, നഗരകാര്യവകുപ്പ്

7 ശ്രീ. എസ്.ദിവാകരൻ പിള്ള
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ

6. ശ്രീ. എസ്. ദിനേശ്
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ
ഗ്രാമവികസനം

7. ഡോ.എം.ആർ.മോട്ടിലാൽ
ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം
സംസ്ഥാന ആസൂത്രണ ബോർഡ്

8. ശ്രീമതി.അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

9. ശ്രീ. ആർ. കൃഷ്ണകുമാർ
അഡീഷണൽ സെക്രട്ടറി,
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

10. ഡോ. ആർ. വിജയകുമാർ
ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ്

11. ശ്രീ.കെ.സുന്ദരൻ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

12. ശ്രീ. സി. രാധാകൃഷ്ണ പിള്ള
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
കേരള സംസ്ഥാന വൈദ്യുതി ബോർഡ്

13. ശ്രീ.ജെ. സദാനന്ദൻ
ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്

14. ശ്രീമതി. എ. സതിയമ്മ
ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്

15. ശ്രീ. ബേബി ഗിരിജ.എസ്.
ജോയിന്റ് സെക്രട്ടറി
പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്

16. ശ്രീ. ജി. രാജേന്ദ്രൻ
ഡെപ്യൂട്ടി ഡയറക്ടർ (ഇൻലാൻഡ്)
ഫിഷറീസ് വകുപ്പ്

17. ശ്രീ.കെ.പ്രേംകുമാർ
ഡയറക്ടർ (ട്രെയിനിംഗ്)
ഇൻഫർമേഷൻ കേരളമിഷൻ

*************